(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ക്കൂളുകളിൽ ഈ അദ്ധ്യയന വർഷം തന്നെ പ്ലസ് ടൂ കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷകൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) ഈ വർഷം സംസ്ഥാനത്ത് പ്ലസ് ടൂ സ്ക്കൂളുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ച സാഹചര്യത്തിൽ ഈ അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്ലസ് ടൂവിലെ അദ്ധ്യാപക നിയമനം

56 (839) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 അദ്ധ്യയന വർഷത്തിലേക്ക് ഗവൺമെന്റ് സ്കൂളുകളിൽ പുതിയതായി എത്ര പ്ലസ് ടൂ കോഴ്സ് ബാച്ചുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്;

(ബി) സ്കൂളുകളിൽ പ്ലസ് ടൂവിന് പുതിയ ബാച്ചുകൾ അനുവദിച്ചതിനോടൊപ്പം അതിനനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 34 പുതിയ പ്ലസ് ടൂ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം പുതുതായി തസ്തികകൾ സൃഷ്ടിക്കുകയില്ല എന്ന നിബന്ധനയിൻമേലാണ് ഈ കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്. നിലവിലുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ നടത്താൻ കഴിയും.

(സി) പാർട്ട് ടൈം അദ്ധ്യാപകരായി ജോലി ചെയ്യുന്ന പ്ലസ് ടൂ അദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തി അവരെ ഫുൾടൈം അദ്ധ്യാപകരാക്കത്തക്കവിധമാണ് ബാച്ചുകൾ അനുവദിച്ചിട്ടുള്ളത്.

സ്കൂളുകളിൽ കമ്പ്യൂട്ടർ

57 (840) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇത്തരം കോഴ്സുള്ള എത്ര വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാതെ ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly